# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും - പ്രവർത്തനാവലോകനം

**2013-14**

## ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്




## ലോക്കൽ ഫ□ ് ഓഡിറ്റ് വകുപ്പ്

## കോഴിക്കോട് ജില്ല

# ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും - പ്രവർത്തനാവലോകന റിപ്പോർട്ട്

## 2013-14

| | |
|---|---|
| അവലോകന റിപ്പോർട്ട് തയ്യാറാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ.യു.പി.അബ്ദുൾ മജീദ്<br>ഡപ്യൂട്ടി ഡയറക്ടർ<br>ലോക്കൽ ഫ ് ഓഡിറ്റ് കോഴിക്കോട്. |
| അവലോകന റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർ | :1)ശ്രീ.എം.മനോഹരൻ, ഓഡിറ്റ് ഓഫീസർ<br>2)ശ്രീ.എം.രാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| പരിശോധനാ തീയതി | : 23.09.2013 മുതൽ 30.09.13 വരെ |

നം.എൽ.എഫ്.കെ.കെ.ഡി.എഫ്2/1593/2013 തീ:10.09.2013.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും പ്രവർത്തനാവലോകന റിപ്പോർട്ട്.

## 2013-14

## ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്

**ഉള്ളടക്കം**


I) ആമുഖം

II)ഓഡിറ്റ് ലക്ഷ്യങ്ങൾ

III)ഓഡിറ്റ് മാനദണ്ഡങ്ങൾ

IV)ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് - ഒറ്റനോട്ടത്തിൽ

V)1) ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ
2) ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അൺഎയ്ഡഡ് സ്കൂളുകൾ
3) അദ്ധ്യാപക/അനദ്ധ്യാപകരുടെ എണ്ണം.

VI) ഓഡിറ്റ് കെ ത്തലുകൾ

1) വിദ്യാഭ്യാസ മേഖലയും ഫ ുകളുടെ വകയിരുത്തലും
2) വിദ്യാഭ്യാസ മേഖല - പഞ്ചവത്സര പദ്ധതികളിലൂടെ
3) പദ്ധതി നിർവ്വഹണത്തിൽ മോണിറ്ററിംഗിന്റെ അഭാവം.
4) അടിസ്ഥാന സൗകര്യ വികസനം.
5) എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത
6) ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
7) ഉച്ചഭക്ഷണ പരിപാടി
8) കളിസ്ഥലത്തിന്റെ അഭാവം
9) സ്മാർട്ട് ക്ലാസ് റൂം
10) ലാബ്, സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല.
11) 'കുരുത്തോല'
12) എസ്.എസ്.എ യും വിദ്യാഭ്യാസ മേഖലയും
13) ലൈബ്രറിയുടെ പ്രവർത്തനം
14) പി.ടി.എ.യുടെ പ്രവർത്തനങ്ങൾ
15) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി
16) പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
17) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം
18) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി
19) സ്കൂൾ ഹെൽത്ത് പ്രോഗ്രാം

VII) നിഗമനങ്ങൾ

VIII) ശുപാർശകൾ

## I)ആമുഖം:

ഒരു ജനതയുടെ ഏറ്റവും വലിയ സമ്പത്ത് ലക്ഷ്യബോധത്തിലധിഷ്ഠിതമായ വിദ്യാഭ്യാസമാണ്. അത് നേടിയെടുക്കുന്നതിലും കുട്ടികളിൽ സംസ്ക്കാരത്തിന്റെ നാമ്പുകൾ വളർത്തുന്നതിലും ഓരോ പ്രദേശത്തെയും വിദ്യാലയങ്ങൾക്ക് അതീവ പ്രാധാന്യമു ്. ജീവിതത്തിന്റെ നാനാതുറകളിൽ നമ്മുടെയൊക്കെ അഭിമാനമായി മാറിയ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ പ്രൈമറി വിദ്യാലയങ്ങൾ മുഖ്യ പങ്കു വഹിച്ചിട്ടു ്. 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറി.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലേക്ക് കൊ ു വന്നപ്പോൾ പ്രീ-പ്രൈമറി, പ്രൈമറി വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേ ത് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട കർത്തവ്യവുമായി മാറുകയായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയും തളർച്ചയും ഈ റിപ്പോർട്ടിൽ അവലോകനം ചെയ്യപ്പെടുന്നു.

## II).ഓഡിറ്റ് ലക്ഷ്യങ്ങൾ

1)1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 166(1) പട്ടിക III പ്രകാരം വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുേ ാ എന്ന് പരിശോധിക്കുക.

2)വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് വിവിധ ഉത്തരവുകളിലൂടെ സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുേ ാ എന്നു പരിശോധിക്കുക.

3)വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, പി.ടി.എ, എസ്.എം.സി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കുക.

4)പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുേ ാ എന്നും അതിനനുസരിച്ച് പഠന നിലവാരം ഉയർന്നിട്ടുേ ാ എന്നും പരിശോധിക്കുക.

5)വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുക

## III). ഓഡിറ്റ് മാനദണ്ഡങ്ങൾ

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166(1)പട്ടിക III പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ.


ബി) 14.05.2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) 128/07, 18.08.2012 ലെ ജി.ഒ(എം.എസ്)225/12 തസ്വഭവ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ.

സി) സർക്കാർ ഉത്തരവ്എം.എസ്)183/07 തസ്വഭവ തീയതി: 24.07.2007, 248/12 തസ്വഭവ തീ: 29.09.2012 എന്നീ സബ്സിഡി മാർഗ്ഗരേഖകൾ.

ഡി) വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ/ സർക്കുല റുകൾ.

ഇ) ഗ്രാമ പഞ്ചായത്തിന്റെ വികസന പദ്ധതി രേഖകൾ.

## IV) ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് - ഒറ്റനോട്ടത്തിൽ



'ക്ഷേമങ്കര' എന്നപേരിൽ അറിയപ്പെട്ടിരുന്ന ചേമഞ്ചേരി, എലത്തൂർ തൊട്ട് പൊയിൽക്കാവ് വരെ നീ ു കിടക്കുന്ന സമുദ്രഭാഗം ഉൾക്കൊ ള്ളുന്ന തീരദേശ മേഖലയാണ്. കൃഷിക്കും മത്സ്യബന്ധനത്തിനും പുറമെ ചകിരി നിർമ്മാ ണവും നെയ്ത്തും ഇവിടുത്തെ പ്രധാന തൊഴി ലുകളായിരുന്നു. 16.76 ച.കി.മീ വ്യാപിച്ചു കിട ക്കുന്ന ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 32532 (2001 ലെ സെൻസസ്) ആണ്. (പുരുഷന്മാർ -15281, സ്ത്രീകൾ -17251) പട്ടികജാതിയിലുൾപ്പെട്ട 2352 പേർ ഗ്രാമ പഞ്ചായത്തിൽ അധിവസിക്കുന്നു.



1498 ൽ വാസ്കോഡഗാമ കാപ്പാട് എത്തിയതും കേരള മണ്ണിൽ സാമ്രാജ്യത്വ അധിനിവേശത്തിന് തുടക്കമിട്ടതും ഇന്ത്യാ ചരിത്രത്തെ അത് മാറ്റിമറച്ചതും ഈ ഗ്രാമത്തിന്റെ ചരിത്ര പ്രാധാന്യം പ്രകടമാക്കുന്നു.

"Vascoda Gama landed here in 1498" എന്ന് ആലേഖനം ചെയ്ത സ്തൂപവും ജനശ്രദ്ധയാകർഷിക്കുന്നു. കടൽതീരവും വിനോദ സഞ്ചാര മേഖലയിൽ ചേമഞ്ചേരിക്ക് പ്രമുഖസ്ഥാനം നേടി കൊടുത്തിട്ടു ്.

കലാകേരളത്തിന് അഭിമാനമായ കഥകളി ആചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായരുടെ ജന്മദേശമെന്ന നിലക്കും സാംസ്ക്കാരിക പൈതൃകത്തിന് മാറ്റുകൂട്ടുന്ന പൂക്കാട് കലാലയത്തിന്റെ ആസ്ഥാ നമെന്ന നിലക്കും ചേമഞ്ചേരി സാംസ്ക്കാരിക കേരളത്തിന്റെ ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടു ്. അധിനിവേശ ത്തിന്റെ ആദ്യ ചുവടുകൾ ഏറ്റുവാങ്ങിയ ഈ കൊച്ചുഗ്രാമം ഇന്ത്യക്കകത്തും പുറത്തുമുള്ള സഞ്ചാരികളുടെ കുറിപ്പുകളിൽ പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടു ്.

## ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|---|
| 1 | നഴ്സറി | 01 | 03 | 07 | 11 |
| 2 | എൽ.പി | 02 | 01 | 04 | 07 |
| 3 | യു.പി | 02 | 05 | 02 | 09 |
| 4 | ഹൈസ്കൂൾ & ഹയർ സെക്കന്ററി | - | 01 | 01 | 02 |
| 5 | ബഡ്സ് സ്കൂൾ | - | - | 01 | 01 |
| | ആകെ | 05 | 10 | 15 | 30 |

## V(I) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

| ക്രമ നം | സ്കൂളിന്റെ പേര് | സ്ഥാപിത വർഷം | കുട്ടികളുടെ എണ്ണം | ക്ലാസ്/ഡിവിഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | ഗവ.ഫിഷറീസ് യു.പി.സ്കൂൾ, കോരപ്പുഴ | 1919 | 118 | 07 |
| 2 | ഗവ.എൽ.പി.സ്കൂൾ, തിരുവങ്ങൂർ വെസ്റ്റ് | 1952 | 31 | 04 |
| 3 | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ, കണ്ണൻകടവ് | 1919 | 33 | 04 |
| 4 | ഗവ.മാപ്പിള യു.പി.സ്കൂൾ, കാപ്പാട് | 1898 | 164 | 07 |
| 5 | തിരുവങ്ങൂർ എച്ച്.എസ്.എസ് | 1959 | 2224 (എൽ.പി &യു.പി മാത്രം) | 48 |
| 6 | ചേമഞ്ചേരി യു.പി.സ്കൂൾ | 1903 | 371 | 14 |
| 7 | ചേമഞ്ചേരി ഈസ്റ്റ് യു.പി.സ്കൂൾ | 1931 | 106 | 07 |
| 8 | തുവ്വക്കോട് എ.എൽ.പി.സ്കൂൾ | 1887 | 71 | 04 |
| 9 | ചേമഞ്ചേരി കൊളക്കാട് യു.പി.സ്കൂൾ | 1925 | 107 | 07 |
| 10 | തിരുവങ്ങൂർ യു.പി.സ്കൂൾ | 1894 | 249 | 10 |
| 11 | വെങ്ങളം യു.പി.സ്കൂൾ | 1902 | 81 | 07 |









ചേമഞ്ചേരി കൊളക്കാട് യു.പി.സ്കൂൾ



വെങ്ങളം എ.യു.പി.സ്കൂൾ

## 2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ

| ക്രമ നം | സ്കൂളിന്റെ പേര് | സ്ഥാപിത വർഷം | കുട്ടികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | മർക്കസ് പബ്ലിക് സ്കൂൾ, പൂക്കാട് | 2004 | 146 | I to V |
| 2 | ലോട്ടസ് ഇംഗ്ലീഷ്മീഡിയം സ്കൂൾ, തിരുവങ്ങൂർ | 1998 | 305 | I to IV |
| 3 | എം.എസ്.എസ്, പബ്ലിക് സ്കൂൾ, വെങ്ങളം | 2002 | 278 | I to VIII |
| 4 | വിവേകാനന്ദ വിദ്യാലയം, കോരപ്പുഴ | 1997 | 42 | I to VII |
| 5 | ഇലാഹിയ എച്ച്.എസ്.എസ്, കാപ്പാട് | 1995 | 837 | I to VIII |
| 6 | ഇൻഫന്റ് ഡെയ്ൽ പബ്ലിക് സ്കൂൾ | 2002 | 101 | I to IV |
| 7 | ലിറ്റിൽ ലയൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വെങ്ങളം | 2002 | 44 | I to IV |

**3) അദ്ധ്യാപക/അനദ്ധ്യാപകരുടെ എണ്ണം:**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക/ അനദ്ധ്യാപകരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | | അനദ്ധ്യാപകരുടെ എണ്ണം | |
|---|---|---|---|---|---|
| | | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് |
| 1 | വെങ്ങളം യു.പി.എസ് | 11 | 10 | 01 | 01 |
| 2 | ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | 04 | 04 | 01 | 01 |
| 3 | ജി.എഫ്.യു.പി.എസ്, കോരപ്പുഴ | 09 | 09 | 01 | 01 |
| 4 | ജി.എഫ്.എൽ.പി.എസ്, കണ്ണൻകടവ് | 04 | 04 | 01 | 01 |
| 5 | ജി.എം.യു.പി.എസ്, കാപ്പാട് | 10 | 10 | 01 | 01 |
| 6 | എച്ച്.എസ്.എസ് തിരുവങ്ങൂർ | 33 (യു.പി.വരെ) | 33 (യു.പി.വരെ) | 07 | 07 |
| 7 | ചേമഞ്ചേരി യു.പി.എസ് | 19 | 18 | 01 | 01 |
| 8 | ചേമഞ്ചേരി ഈസ്റ്റ് യു.പി.എസ് | 10 | 10 | 01 | 01 |
| 9 | തുവ്വക്കോട് എ.എൽ.പി.എസ് | 05 | 05 | - | - |
| 10 | ചേമഞ്ചേരി കൊളക്കാട് യു.പി.എസ് | 11 | 11 | 01 | 01 |
| 11 | തിരുവങ്ങൂർ യു.പി.എസ് | 14 | 14 | 01 | 01 |

# VI) ഓഡിറ്റ് ക□ ത്തലുകൾ

**1)വിദ്യാഭ്യാസ മേഖലയും ഫ□ ുകളുടെ വകയിരുത്തലും**

വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് 2011-12, 2012-13 വർഷങ്ങളിൽ നീക്കിവെച്ച വിവിധ ഫ ുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | തനതുഫ□ ് | വികസന ഫ□ ് | സംരക്ഷണ ഗ്രാന്റ് | എസ്.എസ്.എ വിഹിതം | എം.എൽ.എ/ എം.പി.ഫ□ ് | മറ്റിനം |
|---|---|---|---|---|---|---|
| 2011-12 | 15000 | 223000<br>1060200<br>(എസ്.എസ്.എ) | 1064832 | - | 453000 | 100000<br>(സുനാമി ഫ ് ) |
| 2012-13 | 15000 | 1349975<br>1121882<br>(എസ്.എസ്.എ) | 426741 | - | 1575000 | |

2011-12 വർഷത്തിൽ ആകെ ലഭ്യമായ വികസന ഫ ിന്റെ (1,79,78,681) 7% തുകയും സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) 28% തുകയും വിദ്യാഭ്യാസ മേഖലയ്ക്ക് നീക്കിവെച്ചിട്ടു ്. 2012-13 വർഷത്തിൽ വികസന ഫ ിനത്തിൽ ആകെ ലഭ്യമായ 22960963/ രൂപയുടെ 10% തുകയും സംരക്ഷണ ഗ്രാന്റിനത്തിൽ ലഭ്യമായ 21,90,492/ രൂപയുടെ 19% തുകയും വിദ്യാഭ്യാസ മേഖലക്ക് നീക്കിവെച്ചതായി കാണുന്നു. 2011-12 വർഷത്തിൽ വിവിധ ഫ ുകളിലായി 29,16,032/രൂപ വിദ്യാഭ്യാസ മേഖലയ്ക്ക് നീക്കിവെച്ച സ്ഥാനത്ത് 2012-13 വർഷത്തിൽ ഇത് 44,88,598/ രൂപയായി വർദ്ധിക്കുകയു ായി.

വികസന ഫ ിൽ നിന്നും 2011-12 ൽ നീക്കിവെച്ച 1283200/ രൂപയിൽ 10,60,200/ രൂപയും എസ്.എസ്.എ വിഹിതമാണ്. 2012-13 വർഷത്തിൽ വികസന ഫ ിനത്തിൽ നീക്കിവെച്ച 24,71,857/ രൂപയിൽ രൂപയിൽ 11,21,882/ രൂപയും എസ്.എസ്.എ പദ്ധതിക്കുമാത്രമായിരുന്നു. വകയിരുത്തിയ മുഴുവൻ തുകയും

തൻവർഷം ചെലവഴിച്ചിട്ടു ്. 2011-12 ൽ സുനാമി ഫ ിനത്തിൽ ലഭിച്ച 1,00,000/ രൂപ വിനിയോഗിച്ച് ഗവ. ഫിഷറീസ് എൽ.പി.സ്കൂൾ, കണ്ണൻകടവിൽ കുട്ടികൾക്കായി ടോയ്ലറ്റ് നിർമ്മിച്ചിട്ടു ്. ചേമഞ്ചേരി യു.പി.സ്കൂളിന് 2012-13 വർഷത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 15,00,000/ രൂപ എം.പി.ഫ ിൽ നിന്നും അനുവദിക്കുകയു ായി.

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവരുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഗ്രാമ പഞ്ചായത്ത് വിവിധ വർഷങ്ങളിലായി താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടു ്.

| പ്രൊജക്ട് നമ്പർ | വർഷം | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|---|
| 33 | 2007-08 | ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പോഷകാഹാരം | 50000/(വികസന ഫ ്) |
| 34 | 2007-08 | അഭയം സ്പെഷ്യൽ സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ | 99885/(വികസന ഫ ്) |
| 148 | 2008-09 | ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് | 49875/(വികസന ഫ ്) |
| 147 | 2008-09 | ബുദ്ധിമാന്ദ്യം/ശാരീരിക വൈകല്യം സംഭവിച്ച കുട്ടികൾക്ക് യാത്രാബത്ത | 29750/(വികസന ഫ ്) |
| 145 | 2008-09 | അഭയം സ്പെഷ്യൽ സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം | 50000/(വികസന ഫ ്) |
| 30 | 2009-10 | ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ ക്ക് യാത്രാബത്ത | 98400/(വികസന ഫ ്) |
| 35 | 2009-10 | ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പഠനോപകരണം | 45000/(വികസന ഫ ്) |
| 13 | 2010-11 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് | 110000/(വികസന ഫ ്) |
| 17 | 2010-11 | അഭയം സ്പെഷ്യൽ സ്കൂൾ സഹായം | 50000/(വികസന ഫ ്) |
| 15 | 2010-11 | ശാരീരിക/മാനസിക വൈകല്യമുള്ളവർക്ക്/ യാത്രാ ബത്ത /സ്കോളർഷിപ്പ് | 99820/(വികസന ഫ ്) |
| 126 | 2012-13 | ശാരീരിക/മാനസിക വൈകല്യമുള്ളവർക്ക്/ യാത്രാ ബത്ത /സ്കോളർഷിപ്പ് | 130932/(വികസന ഫ ്) |
| 194 | 2012-13 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 854625/(വികസന ഫ ്) |

**2)വിദ്യാഭ്യാസ മേഖല - പഞ്ചവത്സര പദ്ധതികളിലൂടെ**

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൻകീഴിൽ വിദ്യാഭ്യാസ മേഖലയുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനു ശേഷം വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പഠന നിലവാരം ഉയർത്തുന്നതിനും പ്രൊജക്ടുകൾ നടപ്പിലാക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറി. ഗ്രാമ പഞ്ചായത്ത് പതിനൊന്നാം പദ്ധതി കാലയളവിലും പന്ത്ര ാം പദ്ധതിയുടെ ആദ്യ വർഷവും വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടു ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വിദ്യാഭ്യാസ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 11-ാം പദ്ധതി (5 വർഷം) | 68 | 58 | 9503893 | 7202466 |
| 12-ാം പദ്ധതി ആദ്യ വർഷം (2012-13) | 09 | 07 | 2913598 | 2511789 |

പതിനൊന്നാം പദ്ധതി കാലയളവിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ 58 പ്രൊജക്ടുകൾക്കായി 72,02,466/ രൂപ വിവിധ ഫ ുകളിൽ നിന്നും ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചിട്ടു ്. 12-ാം പദ്ധതിയിൽ ആദ്യ വർഷത്തിൽ തന്നെ 7 പ്രൊജക്ടുകൾക്കായി 25,11,789/ രൂപ വികസന ഫ ിൽ നിന്നും ചെലവഴിച്ചിട്ടു ്.

വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ പദ്ധതികൾ വർഷംതോറും ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുെ ങ്കിലും ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സ്കൂളുകൾക്ക് ഫർണ്ണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ, ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, കായിക പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ എന്നീ പ്രൊജക്ടുകൾ വർഷം തോറും നടപ്പാക്കി വരുന്നു ് . എന്നാൽ ചില സ്കൂളുകളിൽ ഫർണ്ണിച്ചറും ലൈബ്രറി പുസ്തക ങ്ങളും ലാബോറട്ടറി ഉപകരണങ്ങളും ആവശ്യത്തിനുെ ങ്കിലും കമ്പ്യൂട്ടർ, അടുപ്പ്, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പ്രകടമാണ്. ഓരോ സ്കൂളിനും അവശ്യം വേ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നേരിട്ട് പഠിച്ച് അവ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന രീതി അവലംബിക്കുന്നില്ല. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയിലും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്യപ്പെടുകയോ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്കായി ദീർഘവീക്ഷണത്തോടെയുള്ള പ്രൊജക്ടുകൾ രൂപപ്പെടുത്തുകയോ ചെയ്യുന്നില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമം 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടു ് . വിഭാവനം ചെയ്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടു ് എന്നത് ശ്ലാഘനീയമാണ്.

**സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ചുകൊ□ ് വിദ്യാഭ്യാസ മേഖലയിൽ ചില പ്രൊജക്ടുകൾ നടപ്പാക്കിയിട്ടു□ ്. 2007-08 വർഷത്തിൽ പ്രൊജക്ട് നം.41/08 പ്രകാരം ബോധവൽക്കരണ ക്ലാസ് നടത്തിയതിന് 15000/ രൂപയും 2008-09 വർഷത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കായി പ്രൊജക്ട് നം.87/09 പ്രകാരം 15,000/ രൂപയും, 2009-10 വർഷത്തിൽ പ്രൊജക്ട് നം. 22/10 പ്രകാരം 7-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന ക്യാമ്പ് നടത്തിയതിനായി 20000/ രൂപയും വികസന ഫ□ിൽ നിന്നും ചെലവഴിച്ചിട്ടു□ ്. കൂടാതെ ഗ്രാമ പഞ്ചായത്തിന്റേ ഉടമസ്ഥതയിൽ അല്ലാതെ പ്രവർത്തിക്കുന്ന അഭയം സ്പെഷ്യൽ സ്കൂളിന് വിവിധ വർഷങ്ങളിലായി വികസന ഫ□ിൽ നിന്നും ധനസഹായം അനുവദിച്ചിട്ടു□ ്. സ.ഉ.(എം.എസ്)183/07/തസ്വഭവ/24.07.07 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതോ ആയ സ്പെഷ്യൽ സ്കൂളാകൾക്കുമാത്രമേ ധനസഹായം അനുവദനീയമായിട്ടുള്ളൂ. ബോധവൽക്കരണ ക്യാമ്പുകൾ, ക്യാമ്പയിനുകൾ, മേളകൾ എന്നിവ വികസന ഫ□ ് വിനിയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളതല്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത കാര്യങ്ങൾക്ക് ധനസഹായം അനുവദിക്കുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്.**

**വിദ്യാഭ്യാസ മേഖലയിൽ വിവിധ ഫ□ുകൾ ഏകോപിപ്പിച്ചുകൊ□ ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുെ□ ങ്കിലും വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. എസ്.എസ്.എ പദ്ധതി പ്രകാരം നടപ്പാക്കിയ ചില പദ്ധതികൾ ഗ്രാമ പഞ്ചായത്തും**

**നടപ്പിലാക്കിയതായി കാണുന്നു. ലൈബ്രറി പുസ്തകങ്ങൾ എസ്.എസ്.എ പദ്ധതിയിലൂടെ സ്കൂളുകൾക്ക് ലഭ്യമാക്കുമ്പോൾ തന്നെ ഗ്രാമ പഞ്ചായത്ത് സ്കൂളുകൾക്കായി പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടു□ ്.**

സംരക്ഷണ ഗ്രാന്റ് (റോഡിതരം) വിനിയോഗിച്ച് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടു ്. 2011-12 വർഷത്തിൽ 10,64,832/ രൂപയും 2012-13 വർഷത്തിൽ 4,26,741/ രൂപയും വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണിയ്ക്കായി സംരക്ഷണ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടു ്.

**3) പദ്ധതി നിർവ്വഹണത്തിൽ മോണിറ്ററിംഗിന്റെ അഭാവം**

ഗ്രാമ പഞ്ചായത്ത് 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടു ്. പല പദ്ധതികളും എല്ലാ വർഷങ്ങളിലും തുടർച്ചയായി നടപ്പിലാക്കി വരുന്നവയാണ്. ലൈബ്രറി പുസ്തകങ്ങൾ, ലാബ്/സ്പോർട്ട്സ് ഉപകരണങ്ങൾ, കായിക പരിശീലനങ്ങൾ എന്നിവ നടപ്പാക്കിയ പദ്ധതികളിൽ ചിലത് മാത്രമാണ്. എന്നാൽ വർഷം തോറും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതല്ലാതെ ഓരോ പദ്ധതിയും എത്രത്തോളം ലക്ഷ്യം കൈവരിച്ചുവെന്ന് പരിശോധിക്കുകയോ, പ്രൊജക്ടിന്റെ നേട്ടകോട്ടങ്ങൾ വിശകലനം ചെയ്യുകയോ ചെയ്യുന്നില്ല. ഈ രീതിയിൽ ഓരോ വർഷത്തെയും ആവശ്യകത സംബന്ധിച്ച് പഠനം നടത്താതെയും നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് മോണിറ്ററിംഗ് നടത്താതെയും പദ്ധതിപ്പണം ചെലവഴിക്കുന്നത് നിരുത്സാഹപ്പെടുത്തേ താണ്.

**4)അടിസ്ഥാന സൗകര്യ വികസനം:**

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുെ ങ്കിലും ഭൗതിക സൗകര്യങ്ങളുടെ അഭാവം ഗ്രാമ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ പലതിലും അനുഭവപ്പെടുന്നു ്. സ്കൂളുകളിലെ ഭൗതിക നിലവാരം ഉയർത്താൻ 2010-11 മുതൽ 2012-13 വരെ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാഭ്യാസ സ്ഥാപനം | പദ്ധതി | വർഷം | ചെലവു തുക |
|---|---|---|---|
| കണ്ണൻകടവ് ജി.എഫ്.എൽ.പി.സ്കൂൾ | സ്കൂൾ റിപ്പയർ പ്രവൃത്തി | 2010-11 | 76300 |
| കാപ്പാട് ജി.എം.യു.പി.സ്കൂൾ | സ്കൂൾ റിപ്പയർ പ്രവൃത്തി | 2010-11 | 97600 |
| ചേമഞ്ചേരി ഈസ്റ്റ് യു.പി.സ്കൂൾ | ടോയ്ലറ്റ് നിർമ്മാണം | 2010-11 | 51250 |
| തുവ്വക്കോട് എ.എൽ.പി.സ്കൂൾ | ടോയ്ലറ്റ് റിപ്പയർ | 2010-11 | 54500 |
| കോരപ്പുഴ ജി.എഫ്.യു.പി.സ്കൂൾ | സ്കൂൾ കെട്ടിട സംരക്ഷണം | 2010-11 | 18670 |
| കാപ്പാട് ജി.എം.യു.പി.സ്കൂൾ | കെട്ടിട സംരക്ഷണ പ്രവൃത്തി | 2010-11 | 100511 |
| കണ്ണൻകടവ് ജി.എഫ്.എൽ.പി.സ്കൂൾ | കെട്ടിട റിപ്പയർ | 2011-12 | 148423 |
| കാപ്പാട് ജി.എം.യു.പി.സ്കൂൾ | കെട്ടിട റിപ്പയർ | 2011-12 | 292635 |
| വിവിധ സർക്കാർ സ്കൂളുകൾ | റിപ്പയർ പ്രവൃത്തി | 2012-13 | 145350 |
| കണ്ണൻകടവ് ജി.എഫ്.എൽ.പി.സ്കൂൾ | കെട്ടിട റിപ്പയർ | 2012-13 | 59855 |
| | | **ആകെ** | **1045094** |

2010-11 മുതൽ 2012-13 വരെ സർക്കാർ പ്രൈമറി സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഗ്രാമ പഞ്ചായത്ത് 1045094/ രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.എസ്.എ പദ്ധതികളിലൂടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രൊജക്ടുകളൊന്നും തന്നെ സർക്കാർ സ്കൂളുകളിൽ നടപ്പാക്കിയിട്ടില്ല.

സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | കെട്ടിടം | ടോയ്ലറ്റ് | കളിസ്ഥലം | ചുറ്റു മതിൽ | പാചക ഷുര | കമ്പ്യൂട്ടർ/ ലാബ് |
|---|---|---|---|---|---|---|
| കാപ്പാട് ജി.എം.യു.പി.സ്കൂൾ | കോൺക്രീറ്റ് | പര്യാപ്തം | ഇല്ല | ഇല്ല | പര്യാപ്തം | പര്യാപ്തം |
| ജി..എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | ഓട്, കോൺക്രീറ്റ് | പര്യാപ്തം | ഇല്ല | ഉ ് | പര്യാപ്തം | കമ്പ്യൂട്ടർ ലാബില്ല. |
| ജി.എഫ്.എൽ.പി.സ്കൂ കണ്ണൻകടവ് | ഓട്, കോൺക്രീറ്റ് | പര്യാപ്തം | ഉ ് | ഭാഗികം | പര്യാപ്തം | കമ്പ്യൂട്ടർ-1 പ്രവർത്ത ന രഹിതം |
| ജി.എഫ്.യു.പി.സ്കൂൾ കോരപ്പുഴ | ഓട്, കോൺക്രീറ്റ് | പര്യാപ്തം | ഇല്ല | ഉ ് | പര്യാപ്തം | പര്യാപ്തം |



**ജി.എഫ്.യു.പി.സ്കൂൾ, കോരപ്പുഴയുടെ ഓടി ട്ട കെട്ടിടം ചോർച്ചയുള്ളതിനാ ൽ ടാർപോ ളിൻ ഷീറ്റുകൊ□് മൂടിയിരിക്കുകയാണ്. സയൻസ് ലാബ് -ലൈബ്രറി എന്നിവയ്ക്കായി സൗകര്യമേർപ്പെടുത്തി യിട്ടില്ല. ലാബ്- ലൈ ബ്രറി കെട്ടിടത്തിനാ യി 08.01.2011 ന് ബഹു. മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ തറക്കല്ലിട്ടുവെ ങ്കിലും നാളി തുവരെ യാതൊരു പ്ര വൃത്തി യും നടത്തിയിട്ടില്ല. 7 കമ്പ്യൂട്ട റുകൾ ഉ□ ങ്കിലും 5 എണ്ണവും പ്രവർത്തന രഹിതമാണ്.**



**കാപ്പാട് ജി.എം.യു.പി.എസ് പുതിയ കെട്ടിടം**



**കാപ്പാട് സ്കൂളിനോട് ചേർന്നു കിടക്കുന്ന പഴയ സ്കൂൾ വാടക കെട്ടിടം**

**ജി.എം.യു.പി.എസ് കാപ്പാട് സ്ഥലസൗകര്യമില്ലാത്തതിനാൽ വളരെയധികം പ്രയാസം നേരിടുന്നു. സ്കൂൾ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന് തൊട്ടടുത്ത സ്ഥലം സ്വകാര്യ വ്യക്തിയുടേതാണ്. പ്രസ്തുത സ്ഥലത്ത് സ്ഥിതിചെയ്യുന്ന വാടക കെട്ടിടത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. സ്കൂളിൽ**

**നിന്നും പുറത്തേയ്ക്കിറങ്ങുന്നത് ഈ സ്ഥലത്തുകൂടിയാണ്. മുറ്റം ഇല്ലാത്തതിനാൽ പല കാര്യങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്നു□്. കെട്ടിടം വിപുലപ്പെടുത്തുന്നതിനും കളിസ്ഥലം നിർമ്മിക്കുന്നതിനും സ്വകാര്യ വ്യക്തിയുടെ കൈവശത്തിലുള്ളതും മുൻകാലത്ത് സ്കൂൾ പ്രവർത്തിച്ചിരുന്നതുമായ സ്ഥലം ഏറ്റെടു ക്കേ□ ത് അത്യന്താപേക്ഷിതമാണ്.**

**ജി.എഫ്.യു.പി.സ്കൂൾ ,കണ്ണൻകടവ് കടലോര പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. മഴക്കാലത്ത് സ്കൂൾ മുറ്റത്ത് വെള്ളം കെട്ടിക്കിടക്കുന്നതിനാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളി ലെത്തിച്ചേരാൻ വളരെയധികം പ്രയാസമാണ്. സ്കൂളിലേക്കുള്ള റോഡ് ചെളി നിറഞ്ഞ് യാത്ര ദുസ്സ ഹമാക്കുന്നു. സ്കൂളിലെ കോൺക്രീറ്റ് കെട്ടിടത്തിന് ചോർച്ചയുള്ളതായി കാണപ്പെട്ടു. സ്കൂളിന്റെ പേരെഴുതിയ ബോർഡ് സ്ഥാപിച്ചിട്ടില്ല. സ്കൂളിൽ ഫോൺ സൗകര്യമോ ഇന്റർനെറ്റ് സംവിധാനമോ നിലവി ലില്ല. ആകെയുള്ള ഒരു കമ്പ്യൂട്ടർ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.**

**5) എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത:**

ഗ്രാമ പഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നേരിടുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **സ്കൂളിന്റെ പേര്** | **കെട്ടിടം** | **ടോയ്ലറ്റ്** | **കമ്പ്യൂട്ടർ** | **കമ്പ്യൂട്ടർ ലാബ്** |
|---|---|---|---|---|---|
| 1 | വെങ്ങളം എ.യു.പി.എസ് | ഓട്. ആസ്ബറ്റോസ് ഷീറ്റ് | തൃപ്തികരം | 04 | ഉ ് |
| 2 | ചേമഞ്ചേരി ഈസ്റ്റ് യു.പി.എസ് | ഓട് | അപര്യാപ്തം | 03 | ഇല്ല |
| 3 | തുവ്വക്കോട് എ.എൽ.പി.എസ് | ഓട് | പര്യാപ്തം | 01 | ഇല്ല |
| 4 | ചേമഞ്ചേരി കൊളക്കാട് യു.പി.എസ് | ഓട് | അപര്യാപ്തം | 04 | ഉ ് |
| 5 | തിരുവങ്ങൂർ യു.പി.എസ് | ഓട് | അപര്യാപ്തം | 02 | ഉ ് |
| 6 | തിരുവങ്ങൂർ എച്ച്.എസ്.എസ് | ഓട് & കോൺക്രീറ്റ് ടെമ്പററി ഷെഡ് ടിൻഷീറ്റ് | പര്യാപ്തം | 28 | ഉ ് |
| 7 | ചേമഞ്ചേരി എ.യു.പി.എസ് | ഓട്, കോൺക്രീറ്റ് | പര്യാപ്തം | 05 | ഇല്ല |



വെങ്ങളം യു.പി.സ്കൂൾ കെട്ടിട ത്തിന്റെ മേൽക്കൂര ഒരു ഭാഗത്ത് ആസ്ബറ്റോസ് ഷീറ്റ് കൊ ുള്ളതാണ്. ഇത് കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ തീർത്തും ഒഴിവാക്കേ താണ്.



തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂളിൽ മൂന്ന് ക്ലാസുകൾ ടിൻഷീറ്റുകൊ ുള്ള ടെമ്പററി ഷെഡിൽ പ്രവർത്തിക്കുന്നു.



തിരുവങ്ങൂർ യു.പി.സ്കൂൾ, ചേമഞ്ചേരി കൊളക്കാട് യു.പി.സ്കൂൾ, ചേമഞ്ചേരി ഈസ്റ്റ് യു.പി.സ്കൂൾ എന്നിവിടങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്ലറ്റ് സൗകര്യങ്ങളില്ല.

തിരുവങ്ങൂർ യു.പി.സ്കൂളിലെ ടോയ്ലറ്റ്

ആവശ്യത്തിന് കമ്പ്യൂട്ടറുകളും ലാബ് സൗകര്യവുമില്ലാതെയും ലഭ്യമായ കമ്പ്യൂട്ടറുകൾ പ്രവർത്തിക്കാത്തതിനാലും സ്കൂളുകൾക്ക് പ്രയാസം നേരിടുന്നു ്.

മേൽപറഞ്ഞ കാര്യങ്ങളിൽ ഗ്രാമ പഞ്ചായത്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളേ താണ്.

**6) സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

ഗ്രാമ പഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി എല്ലാ സ്കൂളുകളും യഥാസമയം അപേക്ഷ നൽകിയിട്ടും തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂൾ, ചേമഞ്ചേരി യു.പി സ്കൂൾ എന്നിവയൊഴികെ മറ്റ് സ്കൂളുകൾക്കൊന്നും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ഇതുവരെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ജി.ഒ(ആർ.ടി) നം.2427/07 ജന.എജുക്കേഷൻ/തീ:01.06.2007 ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തിലെ അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിന് എൽ.എസ്.ജി.ഡി ഡിപ്പാർട്ട്മെന്റിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലയേൽപ്പിച്ചിട്ടു ്. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടും ഭൂരിഭാഗം സ്കൂളുകൾക്കും ഇതുവരെയും സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാതെയും സർട്ടിഫിക്കറ്റ് നൽകാതെയും സ്കൂളുകൾ പ്രവർത്തിക്കുന്നത് ഗൗരവമായി കാണേ താണ്.

**7) ഉച്ചഭക്ഷണ പരിപാടി**

ഗ്രാമ പഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പരിപാടി തൃപ്തികരമായ നിലയിൽ നടന്നു വരുന്നു ്. വ്യത്യസ്ത ദിവസങ്ങളിൽ വിവിധ വിഭവങ്ങൾ നൽകുന്നതിന് ഭക്ഷണ കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കുന്നു ്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ പല എയ്ഡഡ് സ്കൂളുകളിലെയും പാചകപ്പുരകളും അടുപ്പും സ്റ്റോർ മുറിയും നിലവാരം പുലർത്തുന്നതല്ല. വിശദ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | പാചകപ്പുരയുടെയും സ്റ്റോർ റൂമിന്റെയും നിലവിലെ അവസ്ഥ |
|---|---|---|
| 1 | വെങ്ങളം യു.പി.എസ് | പാചകപ്പുര പുതുക്കി പണിയേ അവസ്ഥയിൽ - അടുപ്പ്, സ്റ്റോർ റൂം എന്നിവ ഇല്ല. പാചകപ്പുരയിൽ പെരുച്ചാഴി മണ്ണ് കൂട്ടിയിട്ടിരിക്കുന്നു. പരിസരം ശുചിയായി സൂക്ഷിക്കുന്നില്ല. |
| 2 | തിരുവങ്ങൂർ എച്ച്.എസ്.എസ് | പാചകപ്പുരക്ക് തീരെ സൗകര്യമില്ല. 4000 ത്തിലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിന് അനുസൃതമായ പാചകപ്പുരയല്ല നിലവിലുള്ളത്. |
| 3 | തിരുവങ്ങൂർ യു.പി.എസ് | നിലവാരമുള്ള അടുപ്പില്ല. കല്ലുകൾ കൂട്ടിവെച്ചാണ് ഭക്ഷണം പാകം ചെയ്യുന്ന ത്. |
| 4 | ചേമഞ്ചേരി ഈസ്റ്റ് യു.പി.എസ് | നിലവാരമുള്ള അടുക്കളയില്ല. |
| 5 | തുവ്വക്കോട് എ.എൽ.പി.എസ് | സ്റ്റോർ റൂം ഇല്ല. |
| 6 | ചേമഞ്ചേരി കൊളക്കാട് യു.പി.എസ് | അടുക്കള സൗകര്യമില്ല. |



വെങ്ങളം യു.പി.എസ് സ്റ്റോർ റൂം



തിരുവങ്ങൂർ എച്ച്.എസ്.എസിലെ പാചകപ്പുര



വെങ്ങളം യു.പി.എസിലെ പാചകപ്പുരയുടെ ഉൾവശം



തിരുവങ്ങൂർ യു.പി.എസിലെ കല്ലടുപ്പ്

സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നൽകി വരുന്ന അരി (ഒരു കുട്ടിക്ക് എൽ.പി.യിൽ 100 ഗ്രാം വീതവും യു.പി.യിൽ 150 ഗ്രാം വീതവും) ആവശ്യത്തിലധികമായതിനാൽ അധികം വരുന്ന അരി കുട്ടികളുടെ വീടുകളിലേക്ക് കൊടുത്തയയ്ക്കുന്നതായി കാണുന്നു.

ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വകുപ്പ് വഴി എല്ലാ സ്കൂളുകൾക്കും നൽകി വരുന്നു ്. കൂടാതെ സർക്കാർ സ്കൂളുകളിലെ പാചകഗ്യാസിനായി ഗ്രാമ പഞ്ചായത്തും പ്രൊജക്ട് വെച്ച് പണം നൽകുന്നതായി കാണുന്നു. ഒരേ ആവശ്യത്തിന് വ്യത്യസ്ത ഫ ുകൾ അനുവദിക്കുന്നത് ഫ ുകളുടെ ദുരുപയോഗത്തിന് കാരണമാകാം.

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം ഗവ./എയ്ഡഡ് സ്കൂളുകളിലെ പാചകപ്പുര, സ്റ്റോർ റൂം, അടുപ്പ് എന്നിവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേ താണ്.

**8)കളിസ്ഥലത്തിന്റെ അഭാവം:**

ഗ്രാമ പഞ്ചായത്തിലെ ഓരോ സ്കൂളിലേയും കളിസ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം (ച.മീ.) | സ്കൂളിനോട് ചേർന്നാണോ കളിസ്ഥലം | ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടു ാ |
|---|---|---|---|---|
| 1 | വെങ്ങളം യു.പി സ്കൂൾ | 400 | അതെ | ഇല്ല |
| 2 | ജി.എഫ്.യു.പി.എസ്, കോരപ്പുഴ | ഇല്ല | ബാധകമല്ല | ബാധകമല്ല |
| 3 | ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | ഇല്ല | ബാധകമല്ല | ബാധകമല്ല |
| 4 | ജി.എഫ്.യു.പി.എസ്, കണ്ണൻകടവ് | 800 | അതെ | ഭാഗികം |
| 5 | ജി.എം.യു.പി.എസ്, കാപ്പാട് | ഇല്ല | ബാധകമല്ല | ബാധകമല്ല |
| 6 | തിരുവങ്ങൂർ എച്ച്.എസ്.എസ് | 2000 | അതെ | ഉ ് |
| 7 | ചേമഞ്ചേരി യു.പി.സ്കൂൾ | 2000 | അതെ | ഉ ് |
| 8 | ചേമഞ്ചേരി ഈസ്റ്റ് യു.പി.സ്കൂൾ | ഇല്ല | ബാധകമല്ല | ബാധകമല്ല |
| 9 | തുവ്വക്കോട് എ.എൽ.പി.സ്കൂൾ | ഇല്ല | ബാധകമല്ല | ബാധകമല്ല |
| 10 | ചേമഞ്ചേരി കൊളക്കാട് യു.പി.എസ് | 180 | അതെ | ഇല്ല |
| 11 | തിരുവങ്ങൂർ യു.പി.സ്കൂൾ | ഇല്ല | ബാധകമല്ല | ബാധകമല്ല |

മേൽ പട്ടികയിൽ നിന്നും ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ കണ്ണൻകടവ് ഒഴികെ മറ്റൊരു ഗവൺമെന്റ് സ്കൂളിലും കളിസ്ഥലം തീരെയില്ല എന്നു കാണാവുന്നതാണ്. അതുപോലെ ഗ്രാമ പഞ്ചായത്തിലെ ര ു എയ്ഡഡ് സ്കൂളുകളിൽ മാത്രമാണ് 2000 എം$^2$ കളിസ്ഥലം ലഭ്യമായിട്ടുള്ളത്.

ഓരോ ഇനം കളികൾക്ക് പ്രത്യേക കളിസ്ഥലം ഒരു സ്കൂളിലുമില്ല. കുട്ടികളിലെ കായികമായ കഴിവുകളെ ചെറുപ്പത്തിലെ ക ത്തി വളർത്തിയെടുക്കുന്നതിന് കളിസ്ഥലം വളരെ അത്യാവശ്യമാണ്.


**9) ലാബ്, സ്പോർട്ട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല:**

ഗ്രാമ പഞ്ചായത്ത് വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ഗവ/എയ്ഡഡ് സ്കൂളുകൾക്ക് 2008-09 മുതൽ വാങ്ങി നൽകിയ ലാബ് ഉപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും കൃത്യമായി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുന്നില്ല. വിവിധ വർഷങ്ങളിൽ ഈയിനത്തിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | ലാബ് ഉപകരണങ്ങൾക്ക്ചെലവഴിച്ച തുക | സ്പോർട്ട്സ് ഉപകരണങ്ങൾക്ക് ചെലവഴിച്ച തുക |
|---|---|---|
| 2008 -09 | 15000 | - |
| 2009-10 | 9000 | 18000 |
| 2011-12 | 15000 | 10000 |
| 2012-13 | 50000 | 60000 |
| **ആകെ** | **89000** | **88000** |


ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകുന്ന ഉപകരണങ്ങൾ ഓരോ സ്കൂളിന്റേയും ആവശ്യകതക്കനുസരിച്ചായിരിക്കേ തും ലഭ്യമാകുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്ത സൂക്ഷിക്കേ തും പഠന കാര്യങ്ങൾക്ക് പരമാവധി ഉപയോഗപ്പെടുത്തേ തുമാണ്. എന്നാൽ വെങ്ങളം യു.പി.സ്കൂളിന് നൽകിയ മൈക്രോസ്കോപ്പ് ഇതുവരെയും പ്രയോജനപ്പെടുത്തിയിട്ടില്ല. പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിലും മോണിറ്ററിംഗിലും ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേ താണ്.

**10)സ്മാർട്ട് ക്ലാസ് റൂം:**



ഗ്രാമ പഞ്ചായത്ത് പരിധിയിലെ കാപ്പാട് ജി.എം.യു.പി.സ്കൂൾ ചേമഞ്ചേരി എ.യു.പി. സ്കൂൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിച്ചിട്ടു ്. കമ്പ്യൂട്ടർ, പ്രൊജക്ടർ, ഇന്റർനെറ്റ് തുങ്ങിയ സൗകര്യങ്ങൾ സഹിതം ഒരുക്കിയ ക്ലാസ് റൂം ആധുനിക രീതിയിലുള്ള പഠനത്തിന് വളരെ സഹായകരമാണ്. പഞ്ചായത്തിലെ മറ്റു സ്കൂളുകളിലും ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നത് പഠന നിലവാരം ഉയർത്തുന്നതിന് ഏറെപ്രയോജനപ്പെടുന്നതാണ്.

**11) കുരുത്തോല പ്രൈമറി വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികൾ**






പ്രൈമറി വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെയും വിദ്യാഭ്യാസ സമിതിയുടെയും നേതൃത്വത്തിൽ കഴിഞ്ഞ പത്ത് വർഷമായി മുടങ്ങാതെ പ്രസിദ്ധീകരിക്കുന്ന സാഹിത്യ സൃഷ്ടിയാണ് **കുരുത്തോല**. പ്രൈമറി സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികളുടേയും രചനകൾ ശേഖരിച്ച് അതിൽ നിന്നും നിലവാരമുള്ള സൃഷ്ടികൾ തെരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ ശില്പശാല സംഘടിപ്പിക്കുന്നു. ശില്പശാലയിൽ വിവിധ സാഹിത്യ കലാകാരന്മാരും അദ്ധ്യാപകരും കുട്ടികളുടെ രചനകളിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അതിനുശേഷം അതാതു കുട്ടികളാൽ തന്നെ സൃഷ്ടികൾ മികവുറ്റതാക്കുകയും ചെയ്യുന്നു. കുട്ടികൾ മാത്രമടങ്ങിയ പത്രാധിപ സമിതിയുടെ എഡിറ്റിംഗിനുശേഷം 'കുരുത്തോല' പ്രസിദ്ധീകരണത്തിന് തയ്യാറാക്കുന്നു. കുരുത്തോലയുടെ കവർ പേജുകളും ചിത്രങ്ങളും തയ്യാറാക്കുന്നതും കുട്ടികൾ തന്നെയാണ്. എല്ലാ അർത്ഥത്തിലും കുട്ടികൾക്കായി കുട്ടികളാൽ നടത്തപ്പെടുന്ന സമ്പൂർണ്ണ സൃഷ്ടിയാണിത്.

എല്ലാ കുട്ടികൾക്കും സാഹിത്യ രചനകൾക്ക് അവസരം ലഭിക്കുന്നതിനും ഈ രംഗത്തേക്ക് കുട്ടികളെ ആകർഷിക്കുന്നതിനും ഓരോ വർഷവും മുൻ വർഷങ്ങളിൽ പങ്കെടുക്കാത്ത കുട്ടികളേയാണ് ശില്പശാലയിൽ പങ്കെടുപ്പിക്കുന്നത്. ഓരോ വർഷവും ശരാശരി 20,000/ രൂപയോളം ഇതിനായി പഞ്ചായത്ത് ചെലവഴിക്കുന്നു ്. കുരുത്തോലയുടെ ആയിരത്തോളം കോപ്പികൾ പ്രിന്റു ചെയ്ത് എല്ലാ സ്കൂളുകളിലും വിതരണം ചെയ്യുന്നു ്. കുട്ടികളുടെ രചനകൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മികച്ച പദ്ധതിയാണിത്.

**12) എസ്.എസ്.എ. യും വിദ്യാഭ്യാസ മേഖലയും**

ആറു മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും 2010-ഓടെ പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പരിപാടിയാണ് സർവ്വശിക്ഷാ അഭിയാൻ. സർവ്വശിക്ഷാ അഭിയാൻ പരിപാടിക്കുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ സ്കൂളുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതിനാൽ ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഹിതം തദ്ദേശ ഭരരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എസ്.എ വാർഷിക പദ്ധതിയനുസരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി (2010-11, 2011-12, 2012-13) ഗ്രാമ പഞ്ചായത്ത് അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 2010-11 | 914000 |
| 2011-12 | 1060200 |
| 2012-13 | 1121882 |

വിദ്യാഭ്യാസ മേഖലയിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച പദ്ധതി വിഹിതം ഏറിയ പങ്കും എസ്.എസ്.എ പ്രൊജക്ടുകൾക്കുള്ള വിഹിതമാണ്. പദ്ധതി വിഹിതത്തിന്റെ വലിയ ഭാഗം എസ്.എസ്.എ. പദ്ധതികൾക്കായി നീക്കിവെക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മറ്റു പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗ്രാമ പഞ്ചായത്തിനു പ്രയാസം നേരിടുന്നു ്.

**1) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല**

ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ പദ്ധതിക്കായി പദ്ധതി വിഹിതത്തിൽ നിന്നും വലിയ തുക ഓരോ വർഷവും അനുവദിക്കുന്നുെ ങ്കിലും പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും വിനിയോഗിച്ചതു സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം വർഷങ്ങളായി എസ്.എസ്.എ ലഭ്യമാക്കുന്നില്ല. എസ്.എസ്.എ വാർഷിക പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് കൈമാറുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് 07.06.05 ലെ ജി.ഒ (എം.എസ്) 41/05/പ്ലാനിംഗ് നമ്പറിലുള്ള ഉത്തരവു പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടു ്.

**2012-13 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് കൈമാറിയ എസ്.എസ്.എ വിഹിതമായ 11,21,882/ രൂപയ്ക്ക് പന്തലായനി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (എസ്.എസ്.എ) ഹാജരാക്കിയ വിശദമായ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിവിധ പ്രവർത്തനങ്ങൾക്കായി 26,82,151/ രൂപ മൊത്തം വിഹിതമായി ചെലവഴിച്ചിട്ടു□്. ഇതിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി ആകെ ചെലവഴിച്ച തുകയുടെ 35% തുകയായ 938752/ രൂപയാണ് അനുവദിക്കേ□ത്. എന്നാൽ 11,21,882/ രൂപ അനുവദിച്ചതിനാൽ അധികമായി നൽകിയ 183130/ രൂപ എസ്.എസ്.എ യിൽ നിന്നും തിരികെ ലഭിക്കേ□തായു□്.**

മുൻവർഷങ്ങളിലെയും ഇപ്രകാരമുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കി അധിക വിഹിതം അനുവദിച്ചിട്ടു േ ായെന്ന് പരിശോധിച്ച് അധിക തുക തിരികെ ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളേ താണ്.

**2) എസ്.എസ്.എ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ**

സ്കൂളുകളുടെ ആവശ്യത്തിന് അനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു പകരം ആവശ്യം കണക്കിലെടുക്കാതെ ഫ ുകൾ ചെലവഴിക്കുകയെന്ന ഉദ്ദേശ്യത്തോടെ എസ്.എസ്.എ പ്രവൃത്തികൾ നടത്തുന്നതായി കാണുന്നു. ജി.എൽ.പി.സ്കൂൾ തിരുവങ്ങൂർ വെസ്റ്റിൽ ആകെ 31 കുട്ടികളാണുള്ളത്. ഇതിൽ ഒരാൾ ഐ.ഇ.ഡി വിഭാഗത്തിൽപ്പെടുന്നു. ഈ കുട്ടിയുടെ ആവശ്യാർത്ഥം നിലവിൽ ഒരു റാമ്പ് & റെയിൽ സ്ഥാപിച്ചിട്ടു ്. എന്നാൽ മറ്റൊരു റാമ്പ് & റെയിൽ കൂടി സ്ഥാപി ക്കുന്നതിന് ആവശ്യപ്പെട്ടുകൊ ് എസ്.എസ്.എ 5000/ രൂപ കൂടി സ്കൂളിന് അനുവദിച്ചിട്ടു ്. ടോയ്‌ലറ്റുകളുടേ യും റാമ്പ് & റെയിലിന്റെയും നിർമ്മാണമൊഴികെ കാര്യമായ മരാമത്തു പ്രവൃത്തികളൊന്നും കഴിഞ്ഞ ര ു വർഷങ്ങളിലായി സർക്കാർ സ്കൂളുകളിൽ നടപ്പാക്കിയിട്ടില്ല.

**3) സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:**

എസ്.എസ്.എ പ്രൊജക്ടുകൾ മുഖേന വിവിധ സ്കൂളുകളിൽ വാങ്ങിയ ലൈബ്രറി പ്സുതകങ്ങൾ, സി.ഡികൾ, കമ്പ്യൂട്ടറുകൾ, ലാബ് ഉപകരണങ്ങൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നു ്.

**4) എസ്.എസ്.എ വാർഷിക പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം**

**എസ്.എസ്.എ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 41/05/പ്ലാനിംഗ്/തീ: 07.06.05 ഉത്തരവു മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടു□്. എസ്.എസ്.എ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള സ്കൂൾതല കമ്മിറ്റികൾ അതാതു സ്കൂളുകൾക്കായി തയ്യാറാക്കിയിട്ടുള്ള കരടു പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിക്കായി വകയിരുത്തേ□ തുകയുടെ വിശദാംശങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേ□ താണ്. ഇപ്രകാരം ലഭിക്കുന്ന കരടു പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഹെഡ്മാസ്റ്റർമാർ, അധ്യാപകർ, പി.ടി.എ കമ്മിറ്റികൾ എന്നിവരുടെ യോഗം ചേർന്ന് കരടു പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തേ□ത് അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ എസ്.എസ്.എ യുടെ മാനദണ്ഡ ങ്ങൾക്കുള്ളിൽ നിന്ന് മാറ്റം വരുത്തി പദ്ധതി അന്തിമമാക്കേ□ താണ്. ഇപ്രകാരം അന്തിമമാക്കുന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനത്തിന്റേ ഭരണസമിതി യോഗം ചേർന്ന് അംഗീകരിക്കേ□ താണ്.**

**ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ എസ്.എസ്.എ കരടു പദ്ധതി ചർച്ച ചെയ്യപ്പെടുകയോ അനിവാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യപ്പെടുന്നില്ല. പദ്ധതിക്കായി**

**വകയിരുത്തിയ വിഹിതം എസ്.എസ്.എ അക്കൗ□ിലേക്ക് കൈമാറുന്നതിന് തദ്ദേശ ഭരണ സ്ഥാപനം അംഗീകാരം നൽകുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്ത് വികസന ഫ□്, തനതുഫ□് എന്നിവ വക യിരുത്തി നേരിട്ട് നടപ്പിലാക്കുന്ന പ്രൊജക്ടുകളും എസ്.എസ്.എ മുഖേന നടപ്പിലാക്കുന്ന പ്രൊജ ക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഉ□ാകുന്നതിന് ഇതുകാരണമാകുന്നു. ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണ്ണിച്ചർ എന്നിവ ഗ്രാമ പഞ്ചായത്ത് നേരിട്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിന് 2007-08 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടു□്. എന്നാൽ എസ്.എസ്.എ മുഖേനയും ഇത്തരത്തിലുള്ള പഠനോപകരണങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ പദ്ധതി കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് എസ്.എസ്.എ വാർഷിക പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചാ യത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തേ□ത് അനിവാര്യമാണ്.**

വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അധ്യാപകർക്ക് ട്രെയിനിംഗ് വിദ്യാർത്ഥിക ൾക്ക് പഠനോപകരണങ്ങളുടെ വിതരണം, സയൻസ് ഫെസ്റ്റ്, പഠനവീട്, കൾച്ചറൽ ഫെസ്റ്റ്, മെട്രിക് മേള തുടങ്ങിയ പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിയിട്ടു ്.

**5) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം**

ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് എസ്.എസ്.എ പദ്ധതിയുടെ മുഖ്യലക്ഷ്യം. 6 നും 14 നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ഓരോ വർഷത്തെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ എസ്.എസ്.എ പദ്ധതിയിൻ കീഴിൽ ലഭ്യമാക്കണമെന്ന് എസ്.എസ്. എ. യുടെ മാന്വൽ ഓൺ ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് പ്രൊക്യുർമെന്റിൽ(ഖണ്ഡിക 9.6) വ്യക്തമാക്കിയിട്ടു ്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങളൊന്നും ബന്ധപ്പെട്ട ബി.ആർ.സി.യിൽ ലഭ്യമല്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഐ.ഇ.ഡി.സി വിഭാഗത്തിൽ ഉൾപ്പെട്ട 268 കുട്ടികൾ ഉ ന്ന് ബി.ആർ.സി.യിൽ നിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ 169 കുട്ടികൾ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും 82 പേർ അൺ എയ്ഡഡ് സ്കൂളുകളിലുമാണ്. ഗ്രാമ പഞ്ചായത്തിലെ സ്കൂദളുകളില നിന്നും എസ്.എസ്.എയിൽ നിന്നും ശേഖരിച്ച (2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ) ഒന്നാം സ്റ്റാൻഡേർഡ് മുതൽ 8-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | | കുട്ടികളുടെ എണ്ണം ( 1മുതൽ 8 വരെ) | |
|---|---|---|---|---|
| | സർക്കാർ/എയ്ഡഡ് | അൺ എയ്ഡഡ് | സർക്കാർ/എയ്ഡഡ് | അൺ എയ്ഡഡ് |
| 2007-08 | 11 | 7 | 3752 | 1814 |
| 2008-09 | 11 | 7 | 3671 | 1832 |
| 2009-10 | 11 | 7 | 3657 | 1893 |
| 2010-11 | 11 | 7 | 3617 | 1829 |
| 2011-12 | 11 | 7 | 3523 | 1840 |
| 2012-13 | 11 | 7 | 3538 | 1784 |
| 2013-14 | 11 | 7 | 3555 | 1756 |

ഗ്രാമ പഞ്ചായത്തു പരിധിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആകെയുള്ള 11സ്കൂളുകളിൽ 8 എണ്ണത്തിലും കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു കൊ  ിരിക്കുന്നു. മുകളിലെ പട്ടികയിൽ കൊടുത്തിട്ടുള്ള ഓരോ വർഷത്തെയും ആകെ കുട്ടികളുടെ എണ്ണത്തിൽ 50 ശതമാനവും തിരുവങ്ങൂർ എച്ച്.എസ്.എസിലെ കുട്ടികളാണ്. ഈ സ്കൂളിൽ ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉ  ാവുന്നു  . ചേമഞ്ചേരി എ.യു.പി.സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവു വരാതെ നിലനിർത്താനും തിരുവങ്ങൂർ എച്ച്.എസ്.എസിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനും ഇടയാക്കിയത് പ്രസ്തുത സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളുടെ സ്വാധീനമാണ്.

**മേൽ വിവരിച്ച കണക്കുകൾ പ്രകാരം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ കുടിയേറ്റം തടയുന്നതിന് എയ്ഡഡ് സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾക്ക് സാധിച്ചിട്ടു□്. 2011-12 വർഷം മുതൽ തുടർച്ചയായി അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവു□ാവുകയും എയ്ഡഡ് സ്കൂളുകളിലെ (ഇംഗ്ലീഷ് മീഡിയം ക്ലാസുകളുള്ള) കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവു□ാവുകയും ചെയ്തിട്ടു□്. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നിലവാരമുള്ള വിദ്യാഭ്യാസം സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ലഭ്യമാക്കേ□തിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.**

## 13)ലൈബ്രറികളുടെപ്രവർത്തനം:



തിരുവങ്ങൂർ എച്ച്.എസ്.എസിലെ ലൈബ്രറി കം റീഡിംഗ് റൂം

ലൈബ്രറികളുടെയും വായനശാലകളുടേയും ഫലവത്തായ ഇടപെടൽ സമൂഹത്തെ നേർവഴിക്ക് ചിന്തിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു  . ഇളംതലമുറക്ക് ചെറുപ്രായത്തിൽ തന്നെ നേരായ മാർഗ്ഗം കാണിക്കുന്നതിന് സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേ  താണ്. ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള ഏഴ് ഗ്രന്ഥശാലകൾക്കും സ്കൂൾ ലൈബ്രറികൾക്കും ഗ്രാമ പഞ്ചായത്ത് പുസ്തകങ്ങളും അലമാരകളും വാങ്ങി നൽകിയിട്ടു  . 2010-11 മുതൽ 2012-13 വരെ സ്കൂൾ ലൈബ്രറികൾക്കായി പഞ്ചായത്ത് വാങ്ങിയ പുസ്തകങ്ങളുടെ യും സ്കൂൾ ലൈബ്രറികളുടെ മറ്റു വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | പുസ്തകങ്ങളുടെഎണ്ണം | | | ആക ക ചെല വ് | നിലവിലുള്ള ആകെ പുസ്തകങ്ങ ളുടെ എണ്ണം | പത്ര ങ്ങൾ | ആനുകാ ലികങ്ങൾ |
|---|---|---|---|---|---|---|---|---|
| | | 10-11 | 11-12 | 12-13 | | | | |
| 1 | ജി.എം.യു.പി.എസ്, കാപ്പാട് | - | 78 | 137 | 14963 | 1760 | 4 | 3 |
| 2 | ജി.എഫ്.യു.പി.എസ്, കോരപ്പുഴ | - | 77 | 137 | 14633 | 1818 | - | - |
| 3 | ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | - | 56 | 116 | 10268 | 665 | 1 | - |
| 4 | ജി.എഫ്.യു.പി.എസ്, കണ്ണൻകടവ് | - | 56 | 116 | 10253 | 738 | 1 | 2 |
| 5 | തിരുവങ്ങൂർ യു.പി.എസ് | - | 49 | 135 | 10615 | 1246 | 1 | 2 |
| 6 | വെങ്ങളം യു.പി.എസ് | - | 49 | 135 | 10615 | 650 | 1 | - |
| 7 | ചേമഞ്ചേരി കൊളക്കാട് യു.പി.എസ് | - | 49 | 135 | 10615 | 1359 | 1 | 2 |
| 8 | ചേമഞ്ചേരി ഈസ്റ്റ് യു.പി.എസ് | - | 49 | 135 | 10615 | 1345 | 2 | - |
| 9 | ചേമഞ്ചേരി യു.പി.എസ് | - | 49 | 135 | 10615 | 980 | 2 | 1 |
| 10 | തിരുവങ്ങൂർ എച്ച്.എസ്.എസ് | - | 49 | 135 | 10615 | 8100 | 4 | 2 |
| 11 | തുവ്വക്കോട് എ.എൽ.പി.എസ് | - | 49 | 56 | 7796 | 671 | 1 | - |

സ്കൂൾ ലൈബ്രറികൾക്കായി പഞ്ചായത്ത് ഫ ിനു പുറമെ എസ്.എസ്.എ ഫ ്, സ്പെഷ്യൽ ഫ ് എന്നിവ ഉപയോഗിച്ചും പുസ്തകങ്ങൾ വാങ്ങുന്നു ്. ഓരോ സ്കൂൾ ലൈബ്രറിയുടെയും ആവശ്യകതക്കനുസരിച്ച് പുസ്തകങ്ങൾ വാങ്ങുന്നതിനും വിവിധ ഫ ുകളിലൂടെ പദ്ധതികൾ നടപ്പാക്കാമ്പോഴു ാകുന്ന ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേ തുമാണ്.

2010-11, 2011-12 വർഷങ്ങളിൽ അംഗീകൃത ലൈബ്രറികൾക്ക് വാങ്ങി നൽകിയ പുസ്തകങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വായനശാലയുടെ പേര് | പുസ്തകങ്ങളുടെ എണ്ണം | | ആകെ ചെലവ് |
|---|---|---|---|---|
| | | 2010-11 | 2011-12 | |
| 1 | പി.സി.എ വായനശാല | 94 | 90 | 21243 |
| 2 | എ.കെ.ജി സ്മാരക വായനശാല | 94 | 90 | 21243 |
| 3 | ബോധി ഗ്രന്ഥാലയം | 94 | 90 | 21243 |
| 4 | പഞ്ചായത്ത് ലൈബ്രറി | 94 | 90 | 21243 |
| 5 | വികാസ് ഗ്രന്ഥാലയം | 94 | 90 | 21243 |
| 6 | ദേശസേവാ സംഘം ഗ്രന്ഥാലയം | 94 | 90 | 21243 |
| 7 | സൈരി ഗ്രന്ഥാലയം | 94 | 90 | 21243 |

കൂടാതെ പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും ദിനപത്രങ്ങളും വാരികകളും മറ്റ് ആനുകാലികങ്ങളും വാങ്ങി നൽകുന്നു ്. വായന പ്രോത്സാഹിപ്പിക്കുന്നതിനായി സഞ്ചരിക്കുന്ന വനിതാ ലൈബ്രറിയും പ്രവർത്തിച്ചു വരുന്നു.

സ്കൂൾ ലൈബ്രറികളുടെ നടത്തിപ്പിലും സൂക്ഷിപ്പിലും ക പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല: ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്. വിവിധ ഫ ുകളിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുക്കുന്നില്ല. രജിസ്റ്ററുകളിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല. ഒന്നിൽ കൂടുതൽ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. മുൻകാലങ്ങളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
2) വർഷാവസാനത്തിൽ പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല.
3) പുസ്തകങ്ങൾ ബൈന്റ് ചെയ്ത് ശാസ്ത്രീയമായി തരം തിരിച്ച് സൂക്ഷിക്കുന്നില്ല.

വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനും ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള ഗ്രാമ പഞ്ചായത്തിന്റെ ശ്രമങ്ങൾക്ക് സ്കൂൾ അധികൃതർ വേ ്ര പ്രാധാന്യം നൽകിയതായി കാണുന്നില്ല.

## 14) പി.ടി.എ.യുടെ പ്രവർത്തനങ്ങൾ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ , എയ്ഡഡ് സ്കൂളുകളിലും പി.ടി.എ.കമ്മിറ്റികൾ പ്രവർത്തിക്കുന്നു ്. കഴിഞ്ഞ ര ു വർഷങ്ങളിൽ ചേർന്ന പി.ടി.എ യോഗങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം | |
|---|---|---|---|
| | | 2011-12 | 2012-13 |
| 1 | വെങ്ങളം എ.യു.പി. സ്കൂൾ | 05 | 06 |
| 2 | ജി.എഫ്.യു.പി.എസ്, കോരപ്പുഴ | 07 | 05 |
| 3 | ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | 04 | 10 (എസ്.എം.സി ഉൾപ്പെടെ) |
| 4 | ജി.എഫ്.യു.പി.എസ്, കണ്ണൻകടവ് | 06 | 06 (എസ്.എം.സി ഉൾപ്പെടെ) |
| 5 | ജി.എം.യു.പി.എസ്, കാപ്പാട് | 10 | 09 |
| 6 | തിരുവങ്ങൂർ എച്ച്.എസ്.എസ് | 11 | 11 |
| 7 | ചേമഞ്ചേരി എ.യു.പി.എസ് | 09 | 06 |
| 8 | ചേമഞ്ചേരി ഈസ്റ്റ് യു.പി.സ്കൂൾ | 08 | 09 |
| 9 | തുവ്വക്കോട് എ.എൽ.പി.സ്കൂൾ | 09 | 03 |
| 10 | ചേമഞ്ചേരി കൊളക്കാട് യു.പി.സ്കൂൾ | 09 | 07 |
| 11 | തിരുവങ്ങൂർ യുപി.സ്കൂൾ | 07 | 08 |

പി.ടി.എ കമ്മിറ്റികൾ യോഗം ചേർന്ന് അതാതു സ്കൂളുകളുടെ പ്രവർത്തനങ്ങളും പഠന/പാഠ്യേതര വിഷയങ്ങളും ചർച്ച ചെയ്യുന്നു െ ങ്കിലും സ്കൂളുകൾക്കാവശ്യമായ തനത് പ്രവർത്തനങ്ങളും അവശ്യം വേ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നതിൽ വേ ്ര ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

സ്കൂളുകളിലെ കുട്ടികളുടെ എണ്ണക്കുറവ് പി.ടി.എ യുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടു ്. സമീപ പ്രദേശങ്ങളിലെ കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പി.ടി.എ കമ്മിറ്റികൾ ഊർജ്ജിതപ്പെടുത്തേ ിയിരിക്കുന്നു.

സ്കൂളുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും എം.എൽ.എ/ എം.പി എന്നിവരുടേയും സ്കൂൾ മാനേജർമാരുടേയും ശ്രദ്ധ സ്കൂൾ വികസന പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നതിനും പി.ടി.എ കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കേ താണ്.

**15)സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി**

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അൺ എയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപികരിക്കേ തും ര ു വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേ തുമാണ്. 16.05.2012 ലെ ഗവൺമെന്റ് കത്ത് നമ്പർ ജെ1/75133/11 പ്രകാരം എല്ലാ ഗവ. സ്കൂളുകളിലും 2012-13 അക്കാദമിക് വർഷം മുതൽ കമ്മിറ്റികൾ രൂപീകരിക്കേ താണ്. ഗ്രാമ പഞ്ചായത്തിലെ നാല് ഗവ. സ്കൂളുകളിലും എസ്.എം.സി രൂപീകരിച്ചിട്ടു ്. 2012-13 വർഷത്തിൽ ചേർന്ന എസ്.എം.സി യോഗങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ജി.എഫ്.യു.പി.എസ്, കോരപ്പുഴ | 03 |
| 2 | ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | 10 |
| 3 | ജി.എഫ്.എൽ.പി.എസ്, കണ്ണൻകടവ് | 06 |
| 4 | ജി.എം.യു.പി.എസ്, കാപ്പാട് | 04 |

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രധാന ചുമതലയാണ് സ്കൂൾ വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് ശുപാർശ ചെയ്യുക എന്നത്. എന്നാൽ ജി.എൽ.പി.എസ്, കണ്ണൻകടവ്, ജി.എം.യു.പി.എസ്, കാപ്പാട് എന്നീ സ്കൂളുകൾ ഇതുവരെയും വികസന പദ്ധതി തയ്യാറാക്കിയിട്ടില്ല.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അതിന്റെ രൂപീകരണം കഴിഞ്ഞ് ര ് മാസത്തിനുള്ളിൽ വികസന പദ്ധതി തയ്യാറാക്കേ തും അത് മൂന്നു വാർഷിക ഉപ പദ്ധതികൾ അടങ്ങിയ ഒരു ത്രിവത്സര പദ്ധതി ആയിരിക്കേ തുമാണ്. സ്കൂൾ പ്രവേശനം, അടിസ്ഥാന സൗകര്യങ്ങൾ, ഭാവി ആവശ്യങ്ങൾ മുന്നിൽ ക ു കൊ ുള്ള നിർമ്മാണ സങ്കൽപ്പങ്ങൾ ഉൾപ്പെടുത്തിയ മാസ്റ്റർ പ്ലാൻ. കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായുള്ള അധിക അടിസ്ഥാന സൗകര്യങ്ങളുടേയും ഉപകരണങ്ങളുടേയും ആവശ്യകത എന്നിവ ഉൾപ്പെട്ട വിശദമായ വികസന പദ്ധതി രൂപീകരിക്കുന്നതിനു പകരം നാമമാത്രമായ കാര്യങ്ങൾ മാത്രമാണ്, വികസനപദ്ധതി തയ്യാറാക്കിയ സ്കൂളുകൾ തന്നെ, ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാവി ആവശ്യങ്ങൾ മുന്നിൽ ക ് സമഗ്രമായ പദ്ധതികൾ തയ്യാ റാക്കാൻ ശ്രദ്ധിക്കേ താണ്.

**16)പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി**

ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതിയും സമിതിയുടെ സബ് കമ്മിറ്റികളും ഉൾപ്പെടെ 2011-12 ൽ 8 യോഗങ്ങളും 2012-13 ൽ 10 യോഗങ്ങളും ചേർന്നിട്ടു ്. പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലക്കാവശ്യമായ എല്ലാ പദ്ധതികളും തയ്യാറാക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും സമിതി പ്രത്യേകം ശ്രദ്ധിക്കുന്നു ്.

വികസന സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേ ി തുടർച്ചയായി പുറത്തിറക്കുന്ന "കുരുത്തോല" എന്ന പ്രസിദ്ധീകരണം പ്രത്യേകം എടുത്തു പറയേ പ്രവർത്തനമാണ്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കി മേഖലയ്ക്കാവശ്യമായ ഒരു വികസന കാഴ്ചപ്പാടിന് രൂപം കൊടുക്കുന്നതിലും ഓരോ സ്കൂളിന്റേയും പോരായ്മകളെയും ആവശ്യങ്ങളേയും സംബന്ധിച്ച് പഠനം നടത്തി സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിലും അതിനനുസരിച്ച് പദ്ധതി ശുപാർശകൾ നൽകുന്നതിലും വിദ്യാഭ്യാസ മേഖലിൽ നടപ്പാക്കിയ പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിലും സമിതി വേ ത്ര ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് നേതൃത്വം കൊടുക്കുന്നതോടൊപ്പം ഓരോ സ്കൂളിന്റെയും ആവശ്യകത മനസ്സിലാക്കി പദ്ധതികൾ ആസൂത്രണം ചെയ്യാൻ പ്രത്യേകം താല്പര്യമെടുക്കേ താണ്.

**17) വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം**

വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയുടെയും, ആവശ്യമായ സർവ്വേകളും പഠനങ്ങളും നടത്തി. അത്യാവശ്യ സ്ഥിതിവിവരകണക്കുകൾ സ്വരൂപിക്കുകയും മുൻവർഷങ്ങളിലെ പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നിവയിൽ ഉ ായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യേ താണ്. അതുപോലെ അതാതു മേഖലകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ നിലവിലുള്ള വിടവുകൾ, മേഖലയുടെ വികസനത്തിനുള്ള പ്രാദേശിക സാധ്യത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന സാധ്യതകൾ നേടുന്നതിനുമുള്ള തന്ത്രങ്ങൾ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയ ശേഷമാണ് പ്രൊജക്ടുകൾക്ക് രൂപം കൊടുക്കേ തെന്ന് പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടു ്. (ജി.ഒ (എം.എസ്) നം.128/2007/തസ്വഭവ തീ: 14.05.2007)

എന്നാൽ ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ ലഭ്യമായ മിനുട്ട്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രം തയ്യാറാക്കുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ 2010 മുതലുള്ള യോഗങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 1 | 19.01.2010 | 18 |
| 2 | 01.03.2010 | 18 |
| 3 | 30.12.2010 | 27 |
| 4 | 12.02.2011 | 10 |
| 5 | 17.04.2012 | 22 |

(17.04.12 ന് ശേഷമുള്ള മിനുട്ട്സ് ഹാജരാക്കിയിട്ടില്ല)

മേൽ പട്ടികയിൽ നിന്നും 2011 ലും 2012 ലും ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നത് എന്ന് വ്യക്ത മാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ അതീവ പ്രാധാന്യത്തോടെ കാണേ തും വിശദമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി ചർച്ച ചെയ്യേ തുമാണ്.

കൂടാതെ എസ്.എസ്.എ പോലുള്ള പ്രത്യേക പദ്ധതികളിലൂടെ നടപ്പാക്കുന്ന പ്രൊജക്ടുകളും ഇതേ മേഖ ലയിൽ ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രൊജക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നുെ ന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പു വരുത്തേ താണ്.

**18) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കേ കമ്മിറ്റി എല്ലാ മാസവും യോഗങ്ങൾ ചേരുകയും ഈ മേഖലയിലെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ചർച്ച നടത്തുകയും ചെയ്യുന്നു .

വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ അവലോകനം ചെയ്തതിൽ നിന്നും കമ്മിറ്റി ഇടപെടൽ ശക്തമാക്കേ ത് അനിവാര്യമായിരിക്കുകയാണ്. മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും നടപ്പാക്കിയ ശേഷം യാതൊരു വിധ വിലയിരുത്തലുകൾ നടത്താതി രിക്കുകയും ഇവിടെ പതിവായിരിക്കുകയാണ്. മാത്രമല്ല വിവിധ പദ്ധതികളിലൂടെ വാങ്ങി നൽകുന്ന സാധന സാമഗ്രികൾ സ്കൂളുകൾ കൃത്യമായി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കാതിരിക്കുകയും ഉപയോഗപ്പെടുത്താ തിരിക്കുകയും ചെയ്യുന്ന സംഭവങ്ങൾ കൂടുതലാണ്. ആയതിനാൽ പദ്ധതി രൂപീകരണ പ്രക്രിയയിലും മോണിറ്റ റിംഗിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്കാളിത്തവും മേൽനോട്ടവും ശക്തിപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേ താണ്.

**20) സ്കൂൾ ഹെൽത്ത് പ്രോഗ്രാം:**

ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റിന്റെയും ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടേയും സംയുക്ത പദ്ധതിയായ സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഇന്നത്തെ രീതിയിൽ സ്കൂളു കളിൽ നടപ്പിൽ വരുത്തിയത് 2009 ഒക്ടോ ബർ മാസത്തിലാണ്. ഗ്രാമ പഞ്ചായത്തിലെ ഒന്നും മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനുകളിലേയും മൂന്നും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 2500 കുട്ടികൾക്ക് ഒന്ന് എന്ന നിരക്കിൽ പ്രത്യേക പരിശീലനം ലഭിച്ച നേഴ്സിന്റെ സേവനം ലഭിക്കുന്നതാണ്.

ഊർജ്ജസ്വലരും ആരോഗ്യവാന്മാരുമായ ഒരു ജനതയെ വാർത്തെടുക്കുന്നതിൽ രാജ്യത്തെ സഹാ യിക്കുകയാണ് പദ്ധതി ലക്ഷ്യം. വിദ്യാർത്ഥികൾ നേരിടുന്ന ചെറിയ അസുഖങ്ങളും ആരോഗ്യ പ്രശ്നങ്ങളും പരി ശോധിക്കുകയും മെഡിക്കൽ സ്ക്രീനിംഗ് നടത്തി കുട്ടികളുടെ ഉയരം, തൂക്കം, പൾസ്, ബി.പി, ബി.എം.ഐ കാഴ്ച, കേൾവിശക്തി എന്നിവ രേഖപ്പെടുത്തുകയും കൗൺസിലിംഗ് നടത്തുകയും ഇതോടനുബന്ധിച്ചുള്ള ഹെൽത്ത് റിക്കാർഡുകൾ സൂക്ഷിക്കുകയുമാണ് പ്രോഗ്രാമിന്റെ പ്രധാന ചുമതലകൾ.




തിരുവങ്ങൂർ ഹയർ സെക്കന്ററി സ്കൂളിലാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പാക്കി വരുന്നത്. മൊത്തം 4215 കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ ഓഡിറ്റ് തീയതി വരെയും 2045 കുട്ടികളുടെ സ്ക്രീനിംഗ് മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചത്. 2500 കുട്ടികൾക്ക് ഒരു നേഴ്സ് എന്ന നിലയിൽ നേഴ്സിനെ നിയമിക്കാമെങ്കിലും 4214 കുട്ടികളുള്ള ഇവിടെ ഇതുവരെയും ഒരു നേഴ്സിനെ മാത്രമാണ് നിയമിച്ചിരിക്കുന്നത്. അതുകൊ ് തന്നെ സമയബന്ധിതമായി സ്ക്രീനിംഗ് പൂർത്തിയാക്കാൻ സാധിക്കുന്നില്ല.



ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികളെ പരിശോധിക്കുന്നു.

ചെറിയ അസുഖങ്ങളും ആരോഗ്യ പ്രശ്നങ്ങളുമായി വരുന്ന കുട്ടികളെ പരിശോധിച്ച് മരുന്നുകൾ നൽകുകയും അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. 2012-13 വർഷത്തിൽ 4 ജനറൽ മെഡിക്കൽ ക്യാമ്പുകളും ര ് സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടു ്. 16.01.12 നും 11.12.12 നും നടന്ന സ്പെഷ്യൽ ക്യാമ്പുകളിൽ യഥാക്രമം 336, 243 കുട്ടികൾ പങ്കെടുത്തു.

പദ്ധതിയുടെ ഭാഗമായി പെൺകുട്ടികളുടെ കൗമാര പ്രശ്നങ്ങൾ, മാനസികാരോഗ്യം, നേത്രദാനം, പരിസരശുചീകരണം, അനീമിയ, ന്യൂട്രീഷൻ, പ്രാഥമിക ചികിത്സ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നടത്തിയിട്ടു ്.

പദ്ധതി ഭാഗമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുെ ങ്കിലും രജിസ്റ്ററുകൾ കൃത്യമായും സമയബന്ധിതമായും എഴുതി സൂക്ഷിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേ ിയിരിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1) **<u>പരിശോധനാ മുറിയുടേയും സൗകര്യങ്ങളുടേയും അഭാവം</u>**

നിലവിൽ സ്കൂളിൽ ഹെൽത്ത് പ്രോഗ്രാമിനായി ഉപയോഗിക്കുന്നത് ഇടുങ്ങിയതും യാതൊരു വിധ സൗകര്യങ്ങളും ഇല്ലാത്തതുമായ ഒരു മുറിയാണ്. പ്രസ്തുത മുറി രോഗാണുമുക്തമായതോ ആരോഗ്യരക്ഷാപരമായതോ അല്ല. കൂടാതെ വെള്ളം, വൈദ്യുതി, പരിശോധനക്കാവശ്യമായ സൗകര്യങ്ങൾ, കൗമാരക്കാരായ പെൺകുട്ടികളെ പരിശോധിക്കുന്നതിനുള്ള സ്വകാര്യത, തുടങ്ങിയവ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. മെഡിക്കൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനാവശ്യമായ ഫർണ്ണിച്ചറുകളും ലഭ്യമല്ല. നിലവിൽ നേഴ്സിനും കൗൺസിലർക്കും ഐ.ഇ.ഡി ടീച്ചർക്കും ഉപയോഗത്തിനായി ഈ ചെറിയ മുറി മാത്രമാണുള്ളത്. കൗൺസിലിംഗ് സമയത്ത് നഴ്സ് മറ്റ് പരിശോധനകൾ മാറ്റിവെച്ച് പുറത്തുപോകേ അവസ്ഥയാണ്.

2)**കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നേഴ്സിന്റെ സേവനം ലഭ്യമല്ല:**

4214 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ ഒരു നേഴ്സിനെ മാത്രമാണ് നിയമിച്ചിരിക്കുന്നത്. അതുകൊ ് മെഡിക്കൽ സ്ക്രീനിംഗ് പൂർത്തിയാക്കാനോ കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ നൽകാനോ റിക്കാർഡുകൾ ശരിയാംവണ്ണം സൂക്ഷിക്കാനോ സാധിക്കുന്നില്ല.

**3) പദ്ധതി മേൽനോട്ടം ഫലപ്രദമല്ല:**

പദ്ധതിയുടെ നടത്തിപ്പിലും മേൽനോട്ടത്തിന്റെയും ചുമതലയുള്ള എൻ.ആർ.എച്ച്.എം ഉദ്യോഗസ്ഥർ ഇതുവരെയും ഇവിടെ സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിന് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. മാത്രമല്ല, സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ, ഗ്രാമ പഞ്ചായത്തധികൃതർ, സ്കൂൾ മാനേജർ, ഹെഡ്മിസ്ട്രസ് എന്നിവരാരും തന്നെ സ്ഥലം സന്ദർശിച്ച് പദ്ധതി ലക്ഷ്യം നേടുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് ശ്രദ്ധ ചെലുത്തിയിട്ടില്ല.

## VII)നിഗമനങ്ങൾ

1) വിദ്യാഭ്യാസ മേഖലക്കാവശ്യമായ ഫ ുകൾ വകയിരുത്തി ചെലവഴിക്കുന്നു ങ്കിലും പദ്ധതി മോണിറ്റർ ചെയ്യുന്നില്ല.

2)വിദ്യാഭ്യാസ മേഖലയിൽ വർഷംതോറും ഒരേ സ്വഭാവമുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നു. അതുപോലെ ഓരോ സ്ഥാപനത്തിന്റെയും ആവശ്യകത കണക്കാക്കിയല്ല പ്രൊജക്ടുകൾ തയ്യാറാക്കുന്നത്.

3)സർക്കാർ സ്കൂളുകളായ ജി.എഫ്.യു.പി.എസ് കോരപ്പുഴയിലെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും, ജി.എഫ്.എൽ.പി.എസ് കണ്ണൻകടവിലെ മഴക്കാലത്ത് സ്കൂൾ മുറ്റത്തും വഴിയിലുള്ള വെള്ളക്കെട്ടും, ജി.എം.യു.പി.എസ് കാപ്പാടിന്റെ വഴിയും മുറ്റവുമില്ലാത്ത അവസ്ഥയും അതാതു സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു ്.

4)എയ്ഡഡ് സ്കൂളുകൾ ടോയ്ലറ്റ്, കമ്പ്യൂട്ടർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നു.

5) സ്കൂൾ കെട്ടിടങ്ങൾക്ക് യഥാസമയം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല.

6)ഗ്രാമ പഞ്ചായത്തിലെ ഒട്ടുമിക്ക വിദ്യാലയങ്ങളിലും കളിസ്ഥലമില്ലാത്തതിനാൽ കുട്ടികൾക്ക് കായിക പരിശീലനം നടത്താൻ സാധിക്കുന്നില്ല.

7)എസ്.എസ്.എ വാർഷിക പദ്ധതി രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്തിന് വേ ത്ര പങ്കാളിത്തം ലഭിക്കുന്നില്ല. അതുകൊ ുതന്നെ ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്ന പദ്ധതികളും എസ്.എസ്.എ പദ്ധതികളും തമ്മിൽ ഇരട്ടിപ്പ് ഉ ാകുന്നു ്.

8)എസ്.എസ്.എ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരം ഹാജരാക്കാത്തതിനാൽ എസ്.എസ്.എ മുഖേന വിവിധ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചും ചെലവഴിച്ച തുകയെ സംബന്ധിച്ചുമുള്ള വിശദാംശം പഞ്ചായത്തിന് ലഭ്യമാകുന്നില്ല. കൂടാതെ ചെലവ് കിഴിച്ച് ബാക്കിയുള്ള തുക പഞ്ചായത്തിന് മടക്കി നൽകുന്നില്ല.

9)ലൈബ്രറി പുസ്തകങ്ങൾ ശാസ്ത്രീയമായി തരം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക പരിശോധന സാക്ഷ്യപത്രം എഴുതി സൂക്ഷിക്കുന്നില്ല.

10)എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് വികസന പദ്ധതി തയ്യാറാക്കിയിട്ടില്ല.

11)സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ പരിശോധനാമുറിയുടേയും കുട്ടികളുടെ എണ്ണത്തിനാനുപാതികമായ നേഴ്സിന്റെ കുറവും പദ്ധതി മേൽനോട്ടത്തിന്റെ അഭാവവും പദ്ധതി നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു.

## VIII) ശുപാർശകൾ

1) ഓരോ പ്രൊജക്ടിന്റെയും നടത്തിപ്പും പദ്ധതി ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ചും കൃത്യമായ മോണിറ്ററിംഗ് നടത്തേ താണ്.

2) വിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്താവശ്യമായ നൂതനവും ദീർഘവീക്ഷണത്തോടെയുമുള്ള പദ്ധതികൾ ഓരോ മേഖലയുടേയും സ്ഥാപനത്തിന്റെയും ആവശ്യകത മുൻകൂട്ടി പഠിച്ച ശേഷം ആവിഷ്ക്കരിച്ച് നടപ്പാക്കേ താണ്.

3) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും മുറ്റത്തെയും വഴിയിലെയും വെള്ളക്കെട്ടും പരിഹരിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേ താണ്. കൂടാതെ ജി.എം.യു.പി.സ്കൂൾ, കാപ്പാടിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടികൾ കൈക്കൊള്ളേ താണ്.

4) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി എയ്ഡഡ് സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേ താണ്.

5) ജി.ഒ(ആർ.ടി)നം.2427/07 ജന.എജു.തീയതി: 01.06.07 ഉത്തരവു പ്രകാരം എല്ലാ സ്കൂളുകൾക്കും സമയബന്ധിതമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേ താണ്.

6)കളിസ്ഥലമില്ലാത്ത ഒന്നിൽ കൂടുതൽ സ്കൂളുകൾക്ക് സംയുക്തമായി ഉപയോഗിക്കത്തക്ക രീതിയിൽ പൊതു കളിസ്ഥലം ക ത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേ താണ്.

7)എസ്.എസ്.എ വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേ തും പദ്ധതികളിലെ ഇരട്ടിപ്പ് ഒഴിവാക്കാൻ ശ്രദ്ധിക്കേ തുമാണ്.

8)എസ്.എസ്.എ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേ തും ചെലവഴിക്കാതെ ബാക്കിയുള്ള തുക ഗ്രാമ പഞ്ചായത്ത് തിരികെ ഈടാക്കേ തുമാണ്.

9)ലൈബ്രറി പ്രവർത്തനങ്ങളെ സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതു സംബന്ധിച്ചും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കേ താണ്.

10)സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം എസ്.എം.സി രൂപീകരിച്ച് സ്കൂൾ വികസന പദ്ധതി തയ്യാറാക്കി ചുമതലകൾ നിറവേറ്റേ താണ്.

11) സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനാവശ്യമായ സൗകര്യങ്ങളോടു കൂടിയ പരിശോധനാ മുറിയും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നേഴ്സുമാരുടെ സേവനവും പദ്ധതിയുടെ ഫലപ്രദമായ മേൽനോട്ടവും ഉറപ്പു വരുത്തേ താണ്.

**ഡപ്യൂട്ടി ഡയറക്ടർ**
**കോഴിക്കോട്.**

യു.സി

**'ഭരണഭാഷ മാതൃഭാഷ'**

നം.എൽ.എഫ്.കെ.കെ.ഡി. എഫ്2/ 1593/13

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ , കോഴിക്കോട്
ഫോൺ : 0495 2371012
E-mail: ddlfakkd@yahoo.in
തീയതി: 15-10 -2013.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

സെക്രട്ടറി
ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും എന്ന വിഷയത്തിലുള്ള 2013-14 വർഷത്തെ - പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്.

സൂചന: ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03.06.13 ലെ സർക്കുലർ നമ്പർ 6/13, 06.07.2013 ലെ സർക്കുലർ നമ്പർ 8/13.

*************

മേൽ സൂചന പ്രകാരം തയ്യാറാക്കിയ ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും' എന്ന വിഷയത്തിലുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് 2013-14 വർഷത്തെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാണ്.

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.

പകർപ്പ്;

1)ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)

2) കാര്യാലയ പ്രതി

യു.സി/24.10.13